**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3507** **08-10-2025 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ഡോ. എം. കെ. മുനീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നല്ലാതെ പൊതുമേഖലാ സ്ഥാപനങ്ങളിൽ വ്യാപകമായി നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെയല്ലാതെ പൊതുമേഖലാ സ്ഥാപനങ്ങളിൽ വ്യാപകമായി നിയമനങ്ങൾ നടക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. വകുപ്പിൽ നിന്നും നടത്തുന്ന സ്ഥാപന പരിശോധനകളിലും കൂടാതെ വ്യക്തികൾ / സംഘടനകൾ നൽകുന്ന പരാതികളുടെ അടിസ്ഥാനത്തിലും അംഗീകൃത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അല്ലാതെ നാമമാത്രമായി നടത്തിയിട്ടുള്ള നിയമനങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിൽ ആയത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നതിന് വകുപ്പ് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ്എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ / കമ്പനികൾ / കോർപ്പറേഷനുകൾ / സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/ തലവൻമാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ |

| | | | |
|---|---|---|---|
| | | | സ്ഥാപന പരിശോധനകൾ നടത്തുകയും ചട്ടലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം, ടി നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടത്തുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | പി. എസ്. സി. ക്ക് വിടാത്ത എല്ലാ ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നികത്തണമെന്ന വ്യവസ്ഥ പാലിക്കാൻ കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | PSC യുടെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/ തലവൻമാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപന പരിശോധനകൾ നടത്തുകയും ചട്ടലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം, നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടത്തുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി ചുവടെ ചേർത്ത നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഓൺലൈൻ പോർട്ടൽ, ഇ-ഓഫീസ്, മൊബൈൽ ആപ്ലിക്കേഷൻ, ക്യൂ.ആർ കോഡ് ഉൾപ്പെടുത്തിയ സ്മാർട്ട് കാർഡ്, പ്രവാസികൾക്കുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, പ്രൈവറ്റ് ജോബ് പോർട്ടൽ, മോഡൽ കരിയർ സെന്ററുകൾ(MCC), കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ (CDC).<br><br>കൂടാതെ തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് കെസ്റു എന്ന പേരിലും, മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ് / ജോബ് ക്ലബ്ബ് എന്ന പേരിൽ ഒരു സംയുക്ത സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കിവരുന്നു. 50-65 പ്രായപരിധിയിലുള്ള തൊഴിൽരഹിതരായ മുതിർന്ന പൗരന്മാർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് നവജീവൻ സ്വയം തൊഴിൽ പദ്ധതിയും നടപ്പിലാക്കി വരുന്നു. തൊഴിൽരഹിതരായ വിധവകൾ, വിവാഹ മോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും |

| | | | |
|---|---|---|---|
| | | | നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നി അശരണരായ വനിതകൾക്ക് മാത്രമായിട്ട് ശരണ്യ സ്വയംതൊഴിൽ പദ്ധതിയും, ഭിന്നശേഷിക്കാർക്കായി കൈവല്യ എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയും നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാനത്തെ പട്ടികജാതി,പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികളുടെ തൊഴിൽ വികസനം ലക്ഷ്യം വച്ച് സമന്വയ പദ്ധതിയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ